


# സ്വാതന്ത്ര്യ ദിന പതിപ്പ്

**8 A ഗവണ്മെന്റ് ഹൈസ്കൂൾ തോൽപ്പെട്ടി**

# ആശംസ

ഭാരതം എഴുപത്തിനാലാം സ്വാതന്ത്ര്യ ദിനം ആഘോഷിക്കുന്ന ഈ വേളയിൽ ആ സ്വാതന്ത്ര്യ ചരിത്രം ഓർത്തെടുക്കുക എന്നത് അനിവാര്യതയാകുന്നു . നമ്മൾ വളരെയേറെ പ്രതിസന്ധികളിലൂടെ കടന്നു പോകുന്ന ഈ സമയത് സ്വന്തം വീടുകളിലിരുന്നു കഥകളെയും,കവിതകളെയും,ചിത്രങ്ങളായുമെല്ലാം സ്വാതന്ത്ര്യം എന്ന ആശയത്തെ ഇവർ വരച്ചിടുമ്പോൾ ഭാരതം എന്നും ഉയർത്തിപ്പിടിക്കുന്ന നാനാത്വത്തിൽ ഏകത്വം എന്ന ദർശനം ഇവിടെ അന്വർത്ഥമാക്കപ്പെടുന്നു. ഈ .പതിപ്പിലെ താളുകളിൽ നിന്നും ഓരോ കുട്ടിയും രാജ്യത്തെ എങ്ങനെ നോക്കി കാണുന്നുവെന്ന് നമുക്ക് മനസിലാക്കാം

ഇത്തരത്തിൽ മാതൃകാപരമായ ഒരു ഉദ്യമം ഉത്തരവാദിത്വത്തോടെ പൂർത്തിയാക്കിയ അധ്യാപകർക്കും കുട്ടികൾക്കും അഭിനന്ദനങ്ങളോടൊപ്പം ഹൃദയം നിറഞ്ഞ ആശംസകളും നേരുന്നു .

സ്നേഹപൂർവ്വം

രാധിക സി.

പ്രധാനാധ്യാപിക

# ഗവണ്മെന്റ് ഹൈസ്കൂൾ   തോൽപെട്ടി

## ഹെഡ്മിസ്ട്രസ് പതാക ഉയർത്തുന്നു.



# മഹാത്മാ ഗാന്ധി



# ഗാന്ധി വചനങ്ങൾ

**1** ഓരോ വീടും ഓരോ വിദ്യാലയമാണ്, മാതാ പിതാക്കൾ അധ്യാപകരും

**2** നിർമലമായ സ്നേഹത്താൽ നേടാനാവാത്തതായി ഒന്നുമില്ല

**3** പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക

**4** ഒരു നല്ല വീടിനു തുല്യം വെക്കാൻ ലോകത്തൊരു സ്കൂളുമില്ല ,നന്മയുള്ള മാതാപിതാക്കൾക്ക് തുല്യം വെക്കാൻ ലോകത്തൊരു അധ്യാപകനുമില്ല

**5** സമുദ്ര ജലത്തിലെ ഏതാനും തുള്ളികൾ മലിനമായാൽ സമുദ്രം മുഴുവൻ മലിനമാകില്ല ,മനുഷ്യനും മനുഷ്യ വംശവും അതുപോലെയാണ്.

**6** ശ്രമത്തിലാണ് ഫലപ്രാപ്തിയിലല്ല സംതൃപ്തി ഉളവാക്കുന്നത്.സമ്പൂർണ ശ്രമം സമ്പൂർണ വിജയമാകുന്നു.


**7** നിങ്ങളുടെ വാക്കുകൾ നിശ്ശബ്ദതയേക്കാൾ നല്ലതെങ്കിൽ മാത്രം സംസാരിക്കുക

**8** സമൂഹ നന്മ ആഗ്രഹിക്കുന്ന മനുഷ്യൻ സ്വജീവിതം അതിനു മാതൃക ആക്കണം .പറയുന്ന കാര്യങ്ങൾ ജീവിതത്തിൽ പകർത്താനും സന്നദ്ധനാവണം

**ഫാത്തിമ സന**

# നമ്മുടെ പുണ്ണ്യ ഭാരതം

# നന്മ നിറഞ്ഞ ഭാരതം



ഞാൻ പിറന്ന മണ്ണ്  ഇത് ഭാരത മണ്ണ് .

ഗാന്ധി പിറന്ന നാട്,

ഇത് ഭാരത നാട്

ആയിരം ആയിരം ധീര ദേശസ്നേഹികൾ

ചോര ചിന്തിയ ദേശം .

പൂക്കളാൽ,പുഴകളാൽ,മലനിരകളാൽ ,

സമ്പന്നമായ പുണ്ണ്യ ദേശം .

ഭാരതം ഭാരതം ഇത് പുണ്ണ്യ ഭാരതം .

ആയിരമായിരം ധീര ദേശാഭിമാനികൾ

ബ്രിട്ടനെ കീഴടക്കി നേടിയെടുത്ത പുണ്യ ഭ്രമി .

നന ജാതി മതങ്ങൾ  കൈകോർക്കും  നാട്

എത്ര സുന്ദരം എന്റെ ഭാരതം .

**ദിവ്യ**

# ഭാരതം



ഭാരതം എൻ ഭാരതം
ഉണരുന്ന ഭാരതം
സൂര്യനായി  ഉലകത്തിനും
ഉണർവേകും  എൻ ഭാരതം
സോദരർ നാം ഒന്നായി കൈ
കോർത്തു  മുന്നേറിടാം
സ്നേഹ പുഷ്പങ്ങൾ വിതറാം
ജയ ഭാരത മാതാ
ജയ ജയ ഭാരതം എൻ ഭാരതം
ഉണരുന്ന ഭാരതം
പൊൻ സൂര്യനായി  ഉലകത്തിനും
ഉണർവേകും  എൻ ഭാരതം
ഉയരങ്ങളിൽ ഉയരുന്നിതാ
ത്രിവർണ്ണ പതാക പതാക
നമ്മുടെ  നാടിൻ പതാക
പാറിപ്പറക്കട്ടെ എന്നുമീ മൂവർണ്ണക്കൊടി പാരിൽ



**ഹബീബ് റഹ്മാൻ**



മുഹമ്മദ് അഫ്സൽ





ആശയം മൃദുൽ


ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർ,പ്രിയ അധ്യാപകരെ ,എന്റെ കൂട്ടുകാരെ....

നമ്മുടെ രാജ്യം ഒരു സ്വതന്ത്ര പരമാധികാര പരമാധികാര രാഷ്ട്രം ആണ്.1947 ആഗസ്റ്റ് 15 ന ബ്രിട്ടീഷ് ഭരണത്തിൽ നിന്നും നമ്മൾ മോചിതരായി .ഗാന്ധിജിയുടെ നേതൃത്ത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്വാതന്ത്ര്യത്തിന വേണ്ടി സമരം ചെയ്തു. അങ്ങ നെ സ്വതന്ത്രരായ നമ്മൾ ആയിരത്തി തൊള്ളായിരത്തി നാല്പത്തിയേഴ് ആഗസ്റ്റ് പതിനഞ്ചിന ഇന്ത്യയിൽ മൂവർണ കോടി ആദ്യമായി ഉയർത്തി, മുകളിൽ കുങ്കുമവും അടിയിൽ പച്ചയും നടുവിൽ വെള്ളയും വെള്ളയയ്ക്കു നടുവിലായി അശോക ചക്രവും ന മ്മുടെ ദേശീയ പതാകയിൽ ഉണ്ട്

സ്വാതന്ത്ര്യ ദിനത്തിൽ രാജ്യമെമ്പാടും ദേശീയ പതാക ഉയർത്തുന്നു. സ്വാതന്ത്ര്യ ദിനാചരണം നമ്മെ ദേശ സ്നേഹികൾ ആക്കുന്നു,നമ്മുടെ രാഷ്ട്രത്തെയും നമ്മുടെ കടമകളെയും കുറിച്ച ബോധവാന്മാരാക്കുന്നു.

സ്വാതന്ത്ര്യ ദിനാശംസകൾ
ജയ് ഹിന്ദ്

**ഹിബ ഷറഫിയ**



# സ്നേഹം



ഒരു വെളുത്ത കാലിന്നടിയിലും

ഇവിടുത്തെ കറുത്ത ജീവനൊടുങ്ങില്ല

ഒരു തോക്കിൻ മുന്നിലും ഇവിടുത്തെ

മത മൈത്രി തകരില്ല

ദേശത്തിനോ, മാർഗ്ഗത്തിനോ,വർണ്ണത്തിനോ

സ്ഥാനമില്ല ഇവിടെ

ബില്ലുകളും, നിയമങ്ങളും ഇനിയും

വരട്ടെ പക്ഷെ

ഞങ്ങളെ തകർക്കാൻ ഒന്നിനുമാവില്ല

കാരണം,ഇത് ഇന്ത്യ യാണ്

ഹിന്ദുവിന്റെയും,ക്രിസ്ത്യാനിയുടെയും

മുസൽമാന്റെയും ചുടു രക്തത്തിൽ നിന്ന്

ഉയർന്നു വന്ന ഇന്ത്യ

ജാസ്മിൻ .എം.വി.

# ലേഖനം



സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട് അടിമകളായി കഴിയേണ്ടി വരുമ്പോഴാണ് സ്വാതന്ത്ര്യം എത്രയോ മഹത്തരം എന്ന ഉൾക്കാഴ്ച നമുക്കുണ്ടാകുന്നത്. ആഗസ്റ്റ് 15 ബ്രിട്ടീഷ് ഭരണത്തിൽ നിന്നും ഇന്ത്യ മോചനം നേടിയ ദിവസം .1947 ആഗസ്റ്റ് 14 ലെ അർദ്ധ രാത്രിയിലാണ് ഭാരതം സ്വാതന്ത്രമായതു. സ്വാതന്ത്ര്യ ദിനത്തിന്റെ ഈ സൂര്യോദയത്തെ ആഗസ്റ്റ് 15 അനുസ്മരിക്കുന്നു.

സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്കു
മൃതിയേക്കാൾ ഭയാനകം

എന്ന് മഹാ കവി കുമാരനാശാൻ എഴുതിയത് എത്രയോ അർത്ഥവത്താണ്. ബ്രിട്ടീഷ് അടിച്ചമർത്തലിനെതിരെ പോരാടി സ്വാതന്ത്ര്യമെന്ന ഭാരതീയരുടെ അവകാശം നേടിയെടുത്തതിന്റെ ആവേശ പൂർവമായ ഓര്മപ്പെടുത്തലാണ് ഓരോ ആഗസ്റ്റ് 15 ഉം .രാജ്യമെങ്ങും ത്രിവർണ പതാക വാനോള മുയർത്തുമ്പോൾ ,വേഷത്തിന്റെയും ഭാഷയുടെയും അതിർത്തികളെല്ലാം മറന്ന് ഓരോ ഭാരതീയനും അഭിമാനത്തിന്റെ കൊട് മുടിയിലെത്തുന്ന നിമിഷം ...സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ അധിപരെപ്പോലും മുട്ട് മടക്കിച്ച ആത്മബലത്തോടെ പോരാടിയ പൂർവികരുടെ കഥകൾ വീണ്ടും വീണ്ടും അഭിമാനത്തോടെ പറയും ഓരോ ഭാരതീയനും .1947 ആഗസ്റ്റ് 14 ന് അർദ്ധ രാത്രിയിൽ പാർലമെന്റിലെ ദർബാർ ഹാളിൽ സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാന മന്ത്രി ജവഹർലാൽ നെഹ്റു, കൂടിക്കാഴ്ച എന്ന പേരിൽ നടത്തിയ പ്രസംഗം ഏറ്റവും ശ്രദ്ധേയമായ

സ്വാതന്ത്ര്യ പ്രഖ്യാപനമെന്ന നിലയിൽ  ലോക ചരിത്രത്തിന്റെ ഏടുകളിൽ  സുവർണ ലിപികളിൽ  എഴുതിച്ചേർക്കപ്പെട്ട  നെഹ്രുവിന്റെ തന്നെ ഭാഷയിൽ ലോകം മുഴുവൻ ഉറങ്ങുന്ന സമയത്ത് ഇന്ത്യ പുതു ജീവിതത്തിലേക്ക് ഉണരുകയാണ് എന്ന് പറഞ്ഞു നടത്തിയ പ്രസംഗമാണ് ഇന്ത്യൻ സ്വാതന്ത്ര്യ പ്രസംഗങ്ങളുടെ ആദ്യത്തെ അധ്യായം ...........

**ഫാത്തിമത്ത്  സഹല**




Abbisbek C.S

ആശയം മിഥുൻ


SPECTRUM
MUMBAI
All images are Protected by © Copyright Act
FREEDOM FIGHTERS
CHART NO. 159
www.spectrumchart.com
Lokmanya Tilak
Lala Lajpat Rai
Rani Laxmibai
Tatya Tope
Nana Sahib
Sukhdev
Rajguru
Govind Ballabh Pant
Subhash Chandra Bose
Dadabhai Naoroji
Veer Savarkar
Sardar Vallabhbhai Patel
Mahatma Gandhi
Chandrashekhar Azad
Bhagat Singh
Chittaranjan Das
Rash Behari Bose
Bipin Chandra Pal
Khan Abdul Ghaffar khan
Kasturba Gandhi
Sarojini Naidu
Maulana Abul Kalam Azad
Pt. Jawaharlal Nehru
Gopal Krishna Gokhale
Dr. B. R. Ambedkar

# എന്റെ ഭാരതം

എന്റെ ഭാരതം
എന്റെ ഭൂമി  ഭാരതം
എത്രയോ സുന്ദരം
കർമമേ നീ  വീണ്ടെടുത്ത ജന്മ നാട് ഭാരതം
ഗാന്ധിയും നെഹ്റുവും പിറന്ന നാട് ഭാരതം
മലകളും പുഴകളും നിറഞ്ഞ ഭാരതം
പൂക്കളും മരങ്ങളും നിറഞ്ഞ ഭാരതം
ബ്രിട്ടനെ എതിർത്ത് നിന്ന ഭാരതം
എത്ര സുന്ദരം എന്റെ ഭാരതം

നൗഷിദ പി.എൻ

# എന്റെ ഭാരതം

എത്രസുന്ദരം എത്രസുന്ദരം എന്റെ ഭാരതം

പൂക്കളും മലകളും നിറഞ്ഞ പുണ്യ ഭാരതം

ഗാന്ധിയും നെഹ്രുവും പിറന്ന ഭാരതം

ബ്രിട്ടനെ എതിർത്ത് നിന്ന കരുത്തുള്ള ഭാരതം

എത്രസുന്ദരം എത്രസുന്ദരം എന്റെ ഭാരതം

എത്രസുന്ദരം എത്രസുന്ദരം എന്റെ ഭാരതം

മഞ്ഞു മലകൾ നിരോഞ്ഞൊരാ

കശ്മീരിന്റെ മുകൾത്തട്ടിൽ

പാറിപ്പറക്കട്ടെ നമ്മുടെ ത്രിവർണ പതാക



ഋതുനന്ദന A .S

# എന്റെ ഭാരതം

എന്റെ ഭാരതം എത്ര സുന്ദരം
നന്മകൾ നിറഞ്ഞു നിൽക്കും വർണ്ണ പൂക്കളം
എത്രയോ തരാം ജനം ഏകമാം സ്വരം
സർവമതം  സംഗമിക്കും സ്വർഗ്ഗ പൂവനം
ഒരുമയോടെ  ഭാരതത്തെ  നമ്മൾ കാക്കണം

ഏക മനസ്സോടെ നമ്മൾ ജീവിച്ചീടേണം
എന്റെ ഭാരതം എത്ര സുന്ദരം

**സഫ്‌വാൻ എം.എസ്**



# ജയ ഭാരതം

ജന ഗണ മനയുടെ    നാട്
ജനകോടികളുടെ നാട് .
അഹിംസയെന്നൊരു  മന്ത്രം ചൊല്ലിയ
ഗാന്ധിജിയുടെ നാട് .
ഇത് ഭാരത നാട്
പ്രഭാത കാന്തികളോടെ ,
പ്രശാന്ത ഗീതികളോടെ,
ഭാരതീയർ നമ്മളേകാമനസ്സായി
വളർന്നു വന്നൊരുനാട് .
ഇത് ഭാരത നാട് .
വീര പഴശ്ശിയുമൊത്തൊരു നാൾ -
വിജയമാർന്നൊരു നാട്
യുഗാന്തരങ്ങളിലൂടെ
മഹാമനസ്കരിലൂടെ
മത മൈത്രി യോതി
നമ്മൾ വളർന്നൊരു നാട്
ഇത് ഭാരത നാട്

**ഫാത്തിമ സഹല**

# നന്ദി



സ്വാതന്ത്ര്യ
ദിനത്തോടനുബന്ധിച്ചു ഓരോ
ക്ലാസ്സിനും ഓരോ പതിപ്പ് എന്ന
പ്രവർത്തനം പൂർണ മനസ്സോടെ
ഏറ്റെടുത്ത എന്റെ എല്ലാ കുഞ്ഞു
കൂട്ടുകാർക്കും അവരെ അതിനായി
തയ്യാറാക്കിയ രക്ഷിതാക്കൾക്കും
എല്ലാറ്റിനുമുപരിയായി
ഇത്തരത്തിലൊരു ആശയം മുന്നോട്ടു
വെക്കുകയും അതിനു വേണ്ടി
ആശംസകൾ അറിയിക്കുകയും
ചെയ്ത ഹെഡ്മിസ്ട്രസ് ശ്രീമതി
രാധിക ടീച്ചർക്കും ഹൃദയത്തിന്റെ
ഭാഷയിൽ നന്ദി അറിയിക്കുന്നു.

**ക്ലാസ് ടീച്ചർ**

**സ്വപ്ന ബാലകൃഷ്ണൻ**